
➪ *ചരിത്രത്തിന്റെ ഏറ്റവും ക്രൂരമായ ഫലിതങ്ങളിലൊന്നാണിത്* ➪



ഹാരിസ് സ്മരണ

# വയലൻസ് സ്വയം നീതികരണം നേടുന്നത് എങ്ങനെയാണ്?

അടുത്തിടെ അന്തരിച്ച അദ്ധ്യാപകനും എഴുത്തുകാരനുമായ ഡോ. വി.സി. ഹാരിസിനെ അനുസ്മരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ആത്മ കഥയായ 'ആത്മകഥ: ജീവിതം, സമൂഹം, നിരൂപണം' എന്ന പുസ്തകത്തിൽ നിന്നും ഇന്നും പ്രസക്തമായ ഒരു ഭാഗം പുനർവായനയ്ക്ക്...

**ഡോ. വി.സി. ഹാരിസ്**

കഴിഞ്ഞ നൂറ്റാണ്ടിൽ ഭരണകൂട ഭീകരതയുടെ ഏറ്റവും ഹീനമായ മുഖം പ്രദർശിപ്പിച്ച രാഷ്ട്രങ്ങളിൽ ഒന്നാണ് ജർമ്മനി. ഹിറ്റ്ലറുടെ കാലത്ത് നടന്ന അതിക്രമങ്ങളെക്കുറിച്ച് കൂടുതൽ ഒന്നും പറയേണ്ടതില്ലല്ലോ. മ്യൂനിക്കിനടുത്തുള്ള ദഖാഉ (Dachau) എന്ന സ്ഥലത്തെ നാത്സി കോൺസൻട്രേഷൻ ക്യാമ്പ് സന്ദർശിക്കാൻ അവസരം ലഭിച്ചിട്ടുണ്ട് എനിക്ക്. ഇന്ന് അതൊരു മെമോറിയൽ ആയി സൂക്ഷിച്ചിരിക്കുകയാണ്. ഈ മെമോറിയൽ സ്ഥാപിക്കുവാൻ വേണ്ടി മുൻകൈ എടുത്ത് പ്രവർത്തിച്ചത് യുദ്ധത്തിന്റെ അവസാന ഘട്ടത്തിൽ ക്യാംപിൽ അതിരഹസ്യമായി രൂപംകൊണ്ട ഇന്റർനാഷണൽ പ്രിസനേഴ്സ് കമ്മിറ്റിയാണ്. യുദ്ധത്തിനുശേഷം നാത്സി ഭരണകൂടത്തിന്റെ ഭീകരതകൾ സംബന്ധിച്ച എല്ലാംതന്നെ കുഴിച്ചുമൂടാനും മറവിയിൽ നിന്ന് അകറ്റാനുമായിരുന്നു ഗവൺമെന്റിനു താത്പര്യം. അങ്ങനെ പാടില്ലെന്നും, ചരിത്രത്തിൽ നിന്നു നാം പഠിക്കേണ്ടതു മാത്രമേ നമുക്ക് മുന്നോട്ടു പോകുവാൻ കഴിയുകയുള്ളൂ എന്നും വാദിച്ചുകൊണ്ട് പ്രിസനേഴ്സ് കമ്മിറ്റി നടത്തിയ തീവ്രപ്രയത്നങ്ങളുടെ ഫലമായാണ് ഈ മെമോറിയൽ നിലവിൽ വന്നത്. വയലൻസിന്റെ ഏറ്റവും നികൃഷ്ടമായ സ്ഥാപനവത്കൃത-ഭരണകൂട രൂപം ഓർമ്മയിൽ ഒരു വലിയ നൊമ്പരവും ചോദ്യചിഹ്നവുമായി ഇവിടെ നിലകൊള്ളുന്നു.

നാത്സി ഭരണകൂടം സ്ഥാപിച്ച ആദ്യത്തെ കോൺസൻട്രേഷൻ ക്യാമ്പായ ദഖാഉവിന്റെ അടിസ്ഥാനപരമായ വാസ്തുവിദ്യ, തടവുകാരുടെ ദിനചര്യ, അവർക്കുള്ള ശിക്ഷാവിധികൾ എന്നിവ രൂപകൽപന ചെയ്തത് തിയഡോർ ഐക് എന്ന കമാൻഡർ ആയിരുന്നു. (ഇദ്ദേഹം പിന്നീട് എല്ലാ നാത്സി കോൺസൻട്രേഷൻ ക്യാംപുകളുടെയും ഇൻസ്പെക്ടർ ജനറലായിത്തീർന്നു. എല്ലാ ക്യാംപുകളും അടിസ്ഥാനപരമായി പിന്തുടർന്നും ദഖാഉ മോഡൽ തന്നെ.) ഐക് രചിച്ച ഒരു 'മോട്ടോ'യാണ് ക്യാംപിന്റെ മുഖ്യകവാടത്തിൽ തടവുകാരെ എതിരേറ്റത്: - ARBEIT MACHT FREI -'അധ്വാനത്തിലൂടെ സ്വാതന്ത്ര്യം'! ചരിത്രത്തിന്റെ ഏറ്റവും ക്രൂരമായ ഫലിതങ്ങളിലൊന്നാണിത്. തടവുകാരെ ശാരീരികമായും മാനസികമായും ധാർമികമായും പൂർണ്ണമായി തളർത്തിക്കളയാനായി തികച്ചും അപ്രസക്തമായ, ഉത്പാദനക്ഷമമല്ലാത്ത, നടുവൊടിക്കുന്ന തൊഴിൽ ചെയ്യിക്കുക. ഇതിന്റെ ലഘുരൂപങ്ങളിലൊന്നാണ് മിക്ക 'പരിഷ്കൃത' രാഷ്ട്രങ്ങളുടെയും പീനൽകോഡുകളിൽ ഇന്നും നിലനിൽക്കുന്ന 'കഠിനത

ടവ്' (rigorous imprisonment). ഭരണകൂട വയലൻസിനെ 'തൊഴിൽ' അല്ലെങ്കിൽ 'അധ്വാനം' എന്ന സംവർഗത്തിലൂടെ ഉദാത്തീകരിക്കാവും അങ്ങനെ അദൃശ്യമാക്കി ത്തീർക്കാനുമുള്ള വിഫലയത്നം.

അധികാരത്തിന്റെ ക്രിയാരൂപങ്ങളിലൊ ന്നാണ് വയലൻസ്. വ്യക്തികൾ തമ്മിലും സമൂഹങ്ങൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലു മുള്ള അസമമായ അധികാരബന്ധങ്ങൾക്കിട യിൽ എവിടെയോ ആണ് അക്രമം സാധ്യമാ യിത്തീരുന്നത്. 'അക്രമം' എന്ന പദം തന്നെ ഇത് കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. അതേസമയം, ജനസമൂഹങ്ങളെ നിയന്ത്രിച്ചു നിർത്താനും അവരുടെ ജീവിതരീതികളേയും പരിസരങ്ങളേയും നിരീക്ഷണവിധേയമാക്കി പരിമിതപ്പെടുത്താനും വയലൻസ് സഹായി ക്കുന്നു. എന്നാൽ ഇത് സ്വയം നീതീകരണം നേടുന്നത് എങ്ങനെയാണ്?

നമ്മുടെ നാട്ടിൽ പോലീസിനെപ്പറ്റിയുള്ള പൊതുധാരണ ശ്രദ്ധിക്കുക. കേസന്വേഷണ ത്തിനിടയിലെ ബലപ്രയോഗവും മർദ്ദനവും ഒഴിവാക്കാൻ കഴിയാത്ത സംഗതിയായി, ചില പ്പോൾ അഭിലഷണീയമായ അനിവാര്യതയാ യി, നാം കാണുന്നു. മാത്രമല്ല, നാട്ടിൻപുറങ്ങ ളിലും കൊച്ചുപട്ടണങ്ങളിലും തല്ലുകാരായ സബ് ഇൻസ്പെക്ടർമാർക്ക് ഒരുതരം താരപ രിവേഷം കൈവരികപോലും ചെയ്യുന്നു. ഗുണ്ടകളെയും സാമൂഹികവിരുദ്ധശക്തിക ളെയും ശാരീരികമായി നേരിട്ട് വീരവിജയം നേടുന്ന പോലീസ് ഉദ്യോഗസ്ഥന്മാർക്ക് നാം സ്തുതി പാടുന്നു. എന്നാൽ പീനൽകോഡും എവിഡൻസ് ആക്റ്റും മറ്റു നിയമവ്യവസ്ഥ കളും പോലീസ് നടപടിച്ചട്ടങ്ങളും സുപ്രീം കോടതി നിർദ്ദേശങ്ങളുമൊക്കെ പരിശോധി ച്ചാൽ നമുക്ക് കാണാം പ്രശ്നപരിഹാരത്തി നുള്ള അംഗീകൃത വഴി ഇതൊന്നുമല്ലെന്ന്. എങ്കിലും പൊതുമണ്ഡലത്തിൽ ഇതിനു കൈവന്നിരിക്കുന്ന സ്വീകാര്യത ചോദ്യം ചെയ്യ പ്പെടാതെ തുടരുന്നു. ഭരണകൂട ഉപകരണ ങ്ങളും പൗരസമൂഹങ്ങളും തമ്മിലുള്ള ബന്ധം ഇനിയും ജനായത്തവത്ക്കരിക്കപ്പെടേ ണ്ടതുണ്ട് എന്നിത് വ്യക്തമാക്കുന്നു.

ഗാർഹിക വയലൻസിന്റെ കാര്യവും വ്യത്യസ്തമല്ല. പുരുഷാധീശ പ്രത്യയശാ സ്ത്രത്തിനകത്ത് വ്യവഹാരക്ഷമമാകുന്ന 'കുടുംബം' എന്ന സ്ഥാപനം ഉത്കൃഷ്ടമെന്നു നാം വിശ്വസിക്കുന്ന നിരവധി മൂല്യങ്ങളുടെ വെളിച്ചത്തിൽ ഉദാത്തീകരിക്കപ്പെടുമ്പോഴും, ഇതിനുള്ളിൽ നടമാടുന്ന, ഇന്ന് ക്രമാതീത മായി വർദ്ധിച്ചുവരുന്ന വയലൻസ് നീതീകരി ക്കപ്പെടുന്നത് പലപ്പോഴും പൊതു/ സ്വകാര്യ (public/private) ദ്വന്ദ്വകല്പനയിലൂടെയാണ്. അതായത് ക്രിമിനൽ നിയമങ്ങൾക്കും അതു മായി ബന്ധപ്പെട്ട നീതിബോധത്തിനും അപ്രാപ്യമായ ഒരു മണ്ഡലമായി കുടുംബം നിരീക്ഷിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ ഇവിടെ നടക്കുന്ന അക്രമം നാം ആന്തരീക രിക്കുകയും, പ്രത്യക്ഷത്തിൽ വൈരുധ്യ മെന്നു തോന്നിപ്പിക്കുംവിധം, ഈ ആന്ത രീകരണത്തിന്റെ വിവക്ഷകളെ ക്രമേണ പൊതുമണ്ഡലത്തിലേക്ക് പ്രച്ഛന്നരൂപങ്ങളിൽ വ്യാപിപ്പിക്കുകയും ചെയ്യുന്നു. ഈ വ്യാപന ത്തിന്റെ വ്യവഹാരമാതൃകകളിലൂടെ വേണം പോലീസും പട്ടാളവും മറ്റു നിരവധി സ്ഥാപ നങ്ങളും പ്രത്യക്ഷീകരിക്കുന്ന ഭരണകൂട വയ ലൻസിന്റെ 'സ്വീകാര്യത'യെ വിശകലനം ചെയ്യാൻ. ഇതോടൊപ്പംതന്നെ ജാതി – മത – വർണ – വർഗ്ഗ സംഘർഷങ്ങളും വിമോചന രാഷ്ട്രീയത്തിന്റെ വിവിധ പ്രയോഗമാതൃക കളും സാധ്യമാക്കുന്ന വയലൻസും ഇമ്മട്ടിൽ വിലയിരുത്തപ്പെടേണ്ടതുണ്ട്.

കഴിഞ്ഞ രണ്ടു ദശകങ്ങളിലായി ലോക ത്തിന്റെ രാഷ്ട്രീയ ഭൂപടത്തിൽ തെളിഞ്ഞുവ ന്നിട്ടുള്ള ഒരു കാര്യം ശ്രദ്ധിക്കുക: ഒരുപാട് പ്രദേശങ്ങൾ സംഘർഷബാധിത പ്രദേശങ്ങ ളായി (violence prone areas) മുദ്രയടിക്കപ്പെ ടുന്നു. ഈ പ്രദേശങ്ങളിൽ ലഭ്യമാകുന്ന വയ ലൻസ്, രാഷ്ട്രങ്ങൾ തമ്മിലുള്ള സംഘർഷ ങ്ങളിൽനിന്നും യുദ്ധങ്ങളിൽനിന്നും വ്യത്യ സ്തമായി, മുൻകാലസിദ്ധാന്തങ്ങളിലൂടെ നിർവചിക്കാനും വിശദീകരിക്കാനും കഴി യാത്ത മട്ടിലുള്ള സാമൂഹിക പ്രതിഭാസമായി ത്തീരുകയും ചെയ്യുന്നു. ഒരേ പ്രദേശത്ത് തല മുറകളായി ഒന്നിച്ചു ജീവിക്കുകയും, പര സ്പരം മനസ്സിലാക്കുകയോ മനസ്സിലാക്കുന്നു വെന്നു വിശ്വസിക്കുകയോ ചെയ്യുകയും, പ്രാദേശിക ജീവിതത്തിന്റെ സകല വിഭവ – സാധ്യതകളും പങ്കുവയ്ക്കുകയും ചെയ്തു പോന്ന 'രണ്ടുവിഭാഗം' ജനങ്ങൾക്കിടയിൽ രൂപം കൊള്ളുന്ന വയലൻസിന്റെ കാര്യമെടു ക്കുക. ചില സൈദ്ധാന്തികർ ഇതിനെ ദീർഘ കാലമായി നിലനില്ക്കുന്ന, primordial എന്നോ മറ്റോ വിളിക്കാവുന്ന സാമൂഹിക ചോദനകളുടെയും സംഘർഷങ്ങളുടെയും ബാക്കിപത്രമായി വിലയിരുത്തുമ്പോൾ, മറ്റു ചിലരെ സംബന്ധിച്ചിടത്തോളം, പ്രാദേശിക ജീവിതാവസ്ഥകളെ നിർണയിക്കുകയും നിയ ന്ത്രിക്കുകയും ചെയ്യുന്ന ധാർമ്മികക്രമങ്ങൾ ഈ ജനസമൂഹങ്ങളുടെ നിയന്ത്രണാധികാര ങ്ങൾക്കു പുറത്തുള്ള ദേശീയ/ ആഗോളശ ക്തികളുടെ പ്രവർത്തനഫലമായി വക്രീകരി ക്കപ്പെടുമ്പോൾ ലഭ്യമാകുന്ന അവസ്ഥാ


⇨ ഫുക്കോയുടെ 'ഡിസിപ്ലിൻ ആൻഡ് പണിഷ്' എന്ന കൃതി (മറ്റു കൃതികളും) ഓർമ്മയിലെത്തുകയും ചെയ്യുന്നു ⇨

വിശേഷമാണിത്. രണ്ടുവിധത്തിൽ നോക്കിയാലും, വയലൻസിന്റെ 'അനുഭവം' കർത്തൃത്വരൂപീകരണപ്രക്രിയയിൽ വഹിക്കുന്ന പങ്കിനെപ്പറ്റി ചിന്തിക്കേണ്ടതുണ്ട്. മൂലധനത്തിന്റെയും സാംസ്കാരിക ബിംബങ്ങളുടെയും ആളുകളുടെയും ആഗോളവ്യാപനത്തിന്റെ വെളിച്ചത്തിൽ പ്രത്യേകവിഭാഗങ്ങളുടെ സ്വയംബോധത്തിൽ വന്നു ചേരുന്ന മാറ്റങ്ങളും ഇവിടെ പ്രധാനമാണ്.

ഇതിനൊക്കെയുമുപരിയായി, ഇന്നിപ്പോൾ ആഗോളരാഷ്ട്രീയാവസ്ഥയിൽ അമേരിക്ക പ്രദർശിപ്പിക്കുന്ന തികച്ചും ഏകപക്ഷീയമായ ബലപ്രയോഗരീതികൾ വയലൻസിനെ സംബന്ധിക്കുന്ന കാതലായ പുനർവിചിന്തനത്തിനു നമ്മെ പ്രേരിപ്പിക്കുന്നു. അന്താരാഷ്ട്ര നിയമങ്ങളെയും ഐക്യരാഷ്ട്രസഭ പോലുള്ള സ്ഥാപനങ്ങളെയും ലോകജനതയുടെ അഭിപ്രായങ്ങളെയും വികാരങ്ങളെയും തീർത്തും അവഗണിച്ചുകൊണ്ട് അമേരിക്ക സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്ന സാമ്പത്തിക - സൈനികാധികാധീശത്വത്തിലും preventive war പോലുള്ള പ്രമാണങ്ങളിലും അന്തർലീനമായിരിക്കുന്ന വയലൻസിന്റെ ഭീകരത നമ്മെ അസ്ഥാളിപ്പിക്കുന്നു. ഇതേപ്പറ്റി നോം ചോംസ്കി എഴുതിയ "Dominance and its Dilemmas" (Frontline, Nov. 23, 2003) എന്ന ലേഖനത്തിൽ, രണ്ടാം ലോകയുദ്ധത്തിൽ ജർമ്മനിയുടെ പതനശേഷം ന്യൂറംബർഗിൽ രചിക്കപ്പെട്ട അടിസ്ഥാന പ്രമാണങ്ങളുടെ ലംഘനമായി അമേരിക്കയുടെ ഏകപക്ഷീയതയും preventive war എന്ന സങ്കല്പവും വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. ചോംസ്കി എഴുതുന്നു: "Preventive war is veryu simply the "supreme" crime condemned at Nuremberg."

അങ്ങനെ നാം ജർമ്മനിയിലേക്കും, ഡൊണാൾഡ് റാംസ്ഫെൽഡിന്റെ ഭാഷയിൽ "പഴയ" യൂറോപ്പിലേക്കും തിരിച്ചുവരുന്നു. ഒപ്പം "പഴയ" യൂറോപ്പിൽ ലഭ്യമായ പോലീസും കോടതിയും ജയിലുമൊക്കെയടങ്ങുന്ന "ആധുനിക" ശിക്ഷാസമ്പ്രദായത്തിൽ, അഥവാ ജുഡീഷ്യൽ പ്രക്രിയയിൽ, അന്തർലീനമായിരിക്കുന്ന വയലൻസിനെപ്പറ്റി സവിസ്തരം പ്രതിപാദിക്കുന്ന മിഷേൽ ഫൂക്കോയുടെ 'ഡിസിപ്ലിൻ ആൻഡ് പണിഷ്' എന്ന കൃതി (മറ്റു കൃതികളും) ഓർമ്മയിലെത്തുകയും ചെയ്യുന്നു. ജ്ഞാനോദയത്തിന്റെ ഘട്ടത്തിൽ അറിവധികാരബന്ധങ്ങളിൽ നടക്കുന്ന മൗലികമായ ഒരു ഷിഫ്റ്റിന്റെ, വ്യതിയാനത്തിന്റെ, വെളിച്ചത്തിലാണ് ഫൂക്കോ സാമൂഹികവയലൻസിനെപ്പറ്റിയും അതിനെ നിയന്ത്രിക്കാനുള്ള സ്ഥാപനങ്ങളെപ്പറ്റിയും "ടെക്നോളജി"യെപ്പറ്റിയും സംസാരിക്കുന്നത്. ഇവിടെ ശ്രദ്ധേയമായിട്ടുള്ളത് അറിവിന്റെയും അധികാരത്തിന്റെയും പഴയ മട്ടിലുള്ള ഒരു "ടോപ് - ഡൗൺ" മാതൃകയല്ല ഫൂക്കോ ഉപയോഗിക്കുന്നതെന്നതാണ്. മുകളിൽ നിന്നു താഴോട്ടൊഴുകുന്ന "ടോപ് - ഡൗൺ" മോഡലിൽ നിന്നു വ്യത്യസ്തമായി, അറിവിന്റെ പ്രാദേശിക മാതൃകകളുടെ രൂപീകരണവും വ്യാപനവുമായി ബന്ധപ്പെട്ടുകൊണ്ട് സാധ്യമായിത്തീരുന്ന ഒരു പ്രക്രിയയായി അധികാരം മാറുന്നത് ഇവിടെ നാം കാണുന്നു. ഒരു വിധത്തിൽ നോക്കിയാൽ, അധികാരപ്രവർത്തനത്തെ സാധ്യമാക്കിത്തീർക്കുക എന്ന ധർമ്മം നിറവേറ്റുന്ന അറിവുകളാണ് വ്യവഹാരരൂപങ്ങൾ എന്നുവരെ ഫൂക്കോ പറയും. പ്രാഥമികമായും അധികാരബന്ധങ്ങളാൽ നിർണയിക്കപ്പെടുന്ന ഒന്നാണ് വ്യവഹാരമണ്ഡലമെന്നും അറിവിന്റെ പ്രാഥമികമായ ഇഫക്റ്റ് ഈ ബന്ധങ്ങളെ പ്രയോഗക്ഷമമാക്കുക എന്നതാണെന്നും ഒരേസമയം ഫൂക്കോ വാദിക്കുന്നു. അറിവധികാരത്തിന്റെ സങ്കീർണ്ണമായ ഈ ഡൈനാമിക്സിനകത്താണ് വയലൻസ് വിശകലനസാധ്യമാകുന്നത്. എന്നാൽ ഇന്ന് അമേരിക്കൻ നവസാമ്രാജ്യത്വം ("Imperial grand strategy") തികഞ്ഞ ബലാത്കാരത്തിലൂടെ രൂപം നല്കാൻ ശ്രമിക്കുന്ന ഏകധ്രുവ ലോകക്രമത്തിൽ പ്രാദേശികമായ അറിവധികാരക്രമങ്ങൾ തകിടം മറിക്കപ്പെടുന്ന കാഴ്ചയും നാം കാണുന്നില്ലേ? ഇതേ ചോദ്യം തന്നെ ദേശീയാടിസ്ഥാനത്തിൽ "ഹിന്ദുത്വ" കൈവരിക്കാൻ ശ്രമിക്കുന്ന ഏകശിലാത്മകമായ ഭാരതീയ സംസ്കൃതിയും അതിന്റെ രാഷ്ട്രീയ വിവക്ഷകളും അടങ്ങുന്ന പ്രശ്നപരിസരം മുൻനിർത്തിക്കൊണ്ട് ഇന്ന് നമുക്ക് ഉന്നയിക്കാവുന്നതാണ്. ■


**ഡോ. വി.സി. ഹാരിസിന്റെ 'ആത്മകഥ'** (രണ്ടാം പതിപ്പ്)




പ്രസാധനം: പ്രസക്തി ബുക്ക് ഹൗസ്
വില: 200 രൂപ
കോപ്പികൾക്ക്: 9497377629